**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 828** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഇക്കോ റെസ്റ്റോറേഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ സസ്യങ്ങളെ വനമേഖലയിൽ നിന്നും നീക്കം ചെയ്യുന്നതിന് വനം വകുപ്പ് ആവിഷ്ക്കരിച്ച ഇക്കോ റെസ്റ്റോറേഷൻ പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ വനഭൂമിയിൽ നിന്നും വിദേശ സസ്യങ്ങളെ നീക്കം ചെയ്യാൻ പദ്ധതിയുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വനം വകുപ്പ് ആവിഷ്ക്കരിച്ച ഇക്കോറെസ്റ്റോറേഷൻ പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിലെ തെന്മല, പുനലൂർ ഡിവിഷനുകളിൽ 2156.2 ഹെക്ടർ സ്ഥലത്ത് അക്വേഷ്യ , മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ സസ്യങ്ങളെ നീക്കം ചെയ്യാൻ പദ്ധതിയുണ്ട്. ആയവ വർക്കിംഗ് പ്ലാനിന് വിധേയമായി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിന് പ്രവർത്തനങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരം ഡിവിഷനിലെ പുനലൂർ മണ്ഡലത്തിന്റെ ഭാഗമായ കുളത്തൂപ്പുഴ റെയിഞ്ചിൽ നാളിതുവരെ 85 ഹെക്ടർ വനഭൂമിയിൽ നിന്നും അക്വേഷ്യ, മാഞ്ചിയം നീക്കം ചെയ്തിട്ടുണ്ട്. 75 ഹെക്ടർ വനഭൂമിയിൽ നിന്നും അക്വേഷ്യ, മാഞ്ചിയം നീക്കം ചെയ്യുന്നതിനുള്ള പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടന്നു വരുന്നു.

**(ബി)** 2025-26 സാമ്പത്തിക വർഷം വരെ എത്ര ഹെക്ടർ പ്ലാന്റേഷനുകൾ ആയിരുന്ന വർക്കിങ് പ്ലാനുകൾ പ്രകാരം പുനലൂർ മണ്ഡലത്തിൽ ഇക്കോ റെസ്റ്റോറേഷൻ നടത്തേണ്ടിയിരുന്നതെന്നും പ്രസ്തുത സാമ്പത്തിക വർഷം വരെ എത്ര ഹെക്ടർ വന പ്രദേശത്ത് പുനലൂർ മണ്ഡലത്തിൽ ഇക്കോ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** 2025-26 സാമ്പത്തികവർഷം വരെ പുനലൂർ മണ്ഡലത്തിൽ ഇക്കോറെസ്റ്റൊറേഷൻ നടത്തേണ്ടിയിരുന്നതും നടത്തിയിട്ടുള്ളതുമായ വനഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | നടത്തേണ്ടിയിരുന്നത് (ഹെ.) | നടത്തിയത് (ഹെ.) |
|---|---|---|
| പുനലൂർ | 366.81 | 265.49 |
| തിരുവനന്തപുരം | 189 | 160 |
| തെന്മല | 677.90 | 196.25 |

**(സി)** പുനലൂർ മണ്ഡലത്തിൽ വർക്കിങ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ഏരിയയിൽ പൂർണമായും ഇക്കോ റെസ്റ്റോറേഷൻ നടത്താതിരുന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**മറുപടി:** പുനലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പുനലൂർ ഡിവിഷനിൽ വർക്കിങ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ഏരിയയിൽ പൂർണമായും ഇക്കോ റെസ്റ്റോറേഷൻ നടത്തുവാൻ സാധിച്ചിട്ടില്ല. ചില തോട്ടങ്ങളിലെ മരങ്ങളുടെ ലഭ്യത കുറവ് മൂലം അന്തിമവെട്ടിന് കരാർ എടുക്കാത്തത് കൊണ്ടാണ് ടി പ്രദേശങ്ങളിൽ ഇക്കോറസ്റ്റൊറേഷൻ നടത്തുവാൻ സാധിക്കാത്തത്. തിരുവനന്തപുരം ഡിവിഷനിൽ ഫണ്ട് ലഭ്യത, നാച്ചുറൽ റീജനറേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കോ റെസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. അവശേഷിക്കുന്ന 28.61 ഹെക്ടർ പ്രദേശത്ത് പൂർത്തികരിക്കുന്നതിന് നടപടി പരിഗണനയിലാണ്. തെന്മല ഡിവിഷനിൽ വർക്കിംഗ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഇക്കോ റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**